2009 ഓഗസ്റ്റ് സുന്നഹദോസ് നിശ്ചയങ്ങൾ

1. നരിയാപുരം വൈദിക സദനത്തിന്റെ ചുമതല അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്തായ്ക്ക് നൽകി.

2. മലങ്കര ഓർത്തഡോക്സ് സഭാ ചരിത്രം, ആരാധനാ ക്രമം ഇവയെ സംബന്ധിച്ച പഠനങ്ങൾക്കായി സഭയിലെ രണ്ട് വൈദിക സെമിനാരികളുടേയും സഹകരണത്തോടെ ഒരു ചരിത്രഗവേഷണ കേന്ദ്രം ആരംഭിക്കുന്നതാണ്.

3. ബി – ഷെഡ്യൂളിൽപ്പെട്ട സംഘടനകളുടേയും സ്ഥാപനങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും 2008 – 2009 വർഷത്തെ കണക്കുകൾ പാസ്സാക്കി.

4. മിഷൻ ബോർഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ ഒരു ഗൈഡൻസ് സെന്ററും, തിരുവല്ലയിൽ ഒരു ഓർത്തഡോക്സ് സെന്ററും തുടങ്ങുന്നതാണ്.

5. എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നിർവ്വാഹകസമിതി, കോട്ടയം വൈദിക സെമിനാരി ഗവേണിംഗ് ബോർഡ് എന്നിവ പുനസംഘടിപ്പിച്ചു.

6. സഭയ്ക്കാവശ്യമായ ഏഴ് മെത്രാപ്പോലീത്താമാരെക്കൂടി തെരഞ്ഞെടുക്കുന്നതിന് 2010 ഫെബ്രുവരി മാസത്തിൽ മലങ്കര അസ്സോസിയേഷൻ യോഗം കൂടുന്നതിനും ധാരണയായി.

7. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ചു.

8. കോട്ടയം വൈദിക സെമിനാരിയിലെ അവസാന വർഷ വിദ്യാർത്ഥികളുടെ പട്ടംകൊട ശുശ്രൂഷ കേരളത്തിൽ 3 കേന്ദ്രങ്ങളിലായി നടത്തുന്നതിന് നിശ്ചയിച്ചു.

9. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാപ്പോലീത്തായുടെ സഭാ സേവനങ്ങളെ മുൻനിർത്തി സഭാ തേജസ്സ് എന്ന സ്ഥാനനാമം നൽകുന്നതിന് തീരുമാനമായി.

10. പരിശുദ്ധ സുന്നഹദോസിനുവേണ്ടി പഴയ സെമിനാരിയിൽ ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന സമ്മേളന ഹാൾ സമുച്ചയത്തിന്റെ പ്ലാൻ അംഗീകരിച്ചു.

11. വിശുദ്ധ കുർബ്ബാനയിൽ പ്രധാന കാർമ്മികനോടൊപ്പം മറ്റുള്ളവരും അംശവസ്ത്രം ധരിച്ചുനിന്ന് പ്രാർത്ഥനകൾ ചൊല്ലുന്ന രീതി അനുവദിക്കാവുന്നതാണ് എന്ന് തീരുമാനിച്ചു.

12. ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റിന്റെ മുഖ്യചുമതലയിൽ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ നിയമിച്ചു.

13. 2010 – ലെ ഹാശാ ശുശ്രൂഷകൾക്ക് അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ കോട്ടയം പഴയ സെമിനാരിയിലും, അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ പരുമല സെമിനാരിയിലും നേതൃത്വം നൽകുന്നതാണ്.

14. മെത്രാപ്പോലീത്താമാർക്കായി ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമത്തിൽവച്ച് മൂന്നു ദിവസത്തെ ധ്യാനം ക്രമീകരിക്കുന്നതിന് നിശ്ചയിച്ചു.

15. റാന്നി പെരുന്നാട് ആശ്രമം, ചെങ്ങമനാട് ബേത്‌ലഹേം ആശ്രമം എന്നിവയ്ക്ക് വിസിറ്റർ ബിഷപ്പുമാരെ നിയമിച്ചു.

16. ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രസിഡണ്ടായി അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ നിയമിച്ചു.